കർഷകർക്ക് ക്ഷേമനിധിയോ പെൻഷനോ നൽകുന്നതിനുള്ള പദ്ധതി

*19 [807] ശ്രീ. ലൂഡി ലൂയിസ്:
„ കെ. സി. വേണുഗോപാൽ:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ വർക്കല കഹാർ:
„ ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ക്ഷേമനിധിയോ പെൻഷനോ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇപ്രകാരമുള്ള പദ്ധതി നിലവിലില്ലാത്തപക്ഷം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ, ബി) കർഷകർക്ക് ക്ഷേമനിധിയോ പെൻഷനോ നൽകുന്നതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ ആലോചനയിലില്ല.

(സി) ആലോചിക്കാവുന്നതാണ്.

കേന്ദ്രഗവൺമെന്റ് സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിക്കുന്ന ചെലവുകളുടെ കണക്ക്

*20 [808] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി സംസ്ഥാന ഗവൺമെന്റോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നടപ്പാക്കുന്ന പദ്ധതി ചെലവുകളുടെ വ്യക്തമായ കണക്ക് കേന്ദ്രത്തിന് നൽകേണ്ടതുണ്ടോ;

(ബി) ഇത്തരത്തിലുള്ള കണക്കുകൾ നൽകാതെ വരുന്നതിന്റെ അനന്തര ഫലമെന്താണെന്ന് വിശദീകരിക്കുമോ;

(സി) കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക ബന്ധപ്പെട്ട പരിപാടികളുടെ നടത്തിപ്പിനായി ഗവൺമെന്റ് വകുപ്പുകൾക്കോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കോ നൽകുമ്പോൾ പണം ചെലവഴിക്കുന്നതു സംബന്ധിച്ച വ്യക്തമായ കണക്ക് നൽകണമെന്ന് നിർദ്ദേശിക്കാറുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നിർദ്ദേശം സ്വീകരിക്കാത്ത വകുപ്പുകളുടെയോ തദ്ദേശഭരണ സ്ഥാപനങ്ങളുടേയോ മേൽ എന്തെല്ലാം നടപടികളാണെടുക്കുന്നതെന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) നൽകേണ്ടതുണ്ട്.

(ബി) കേന്ദ്രസർക്കാർ ഓരോ വർഷവും പദ്ധതി നടത്തിപ്പിലേയ്ക്കായി അനുവദിക്കുന്ന കേന്ദ്രസഹായം അതാത് വർഷം ചെലവാക്കിയിരിക്കേണ്ടതാണ്. ഇപ്രകാരം നൽകുന്ന കണക്കുകളിൽ അനുവദിച്ച കേന്ദ്രസഹായം മുഴുവനും വിനിയോഗിച്ചില്ല എന്നു കണ്ടാൽ പ്രസ്തുത തുകകൾ വരും വർഷങ്ങളിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ടുന്ന സഹായത്തിൽനിന്നും തിരിച്ച് പിടിക്കുന്നതാണ്. കൂടാതെ വ്യക്തമായ കണക്കുകൾ നൽകാതെ വന്നാൽ കേന്ദ്രസഹായത്തിന്റെ തോതിൽ കുറവു വരാനും സാധ്യതയുണ്ട്.

(സി) ചെലവഴിക്കുന്ന പണത്തിന്റെ കണക്കുകൾ ഗവൺമെന്റിനു നൽകേണ്ട തുണ്ടെന്ന് നിലവിലുള്ള നിയമങ്ങൾ നിഷ്കർഷിക്കുന്നു.

(ഡി) പദ്ധതി തുകകൾ വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കണ്ടാൽ നിയമങ്ങൾ അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീലങ്കയിൽനിന്നുള്ള കാർഷികോല്പന്ന ഇറക്കുമതി

*21 [809] ശ്രീ. എം. കുമാരൻ:
ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യ-ശ്രീലങ്ക കരാറനുസരിച്ച് തേയില, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു, ഏലം, അടയ്ക്ക, റബ്ബർ, നാളികേരം, കൊപ്ര എന്നിങ്ങനെ കേരളത്തിന് താല്പര്യമുള്ള ഓരോന്നിനുമുള്ള ഇറക്കുമതി തീരുവ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഉല്പന്നങ്ങൾ 2002-03 സാമ്പത്തിക വർഷത്തിൽ എത്ര ടൺ വീതം ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തു എന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം കാർഷികോല്പന്നങ്ങളാണ് പൂജ്യം ശതമാനം തീരുവയിൽ ഇറക്കുമതി ചെയ്യുവാൻ അനുവദിച്ചിട്ടുള്ളത്;

(ഡി) മറ്റ് രാജ്യങ്ങളിൽ നിന്നുള്ള കാർഷികോല്പന്നങ്ങൾ ശ്രീലങ്കയിലെത്തിച്ച് അവിടെനിന്നും കുറഞ്ഞ താരിഫ് നിരക്കിൽ ഇന്ത്യയിലേക്കെത്തിക്കുന്നതുമൂലം കേരളത്തിലെ കാർഷികോല്പന്നങ്ങളുടെ വിലനിലവാരത്തേയും കയറ്റുമതി ചെയ്യുന്നവരേയും ദോഷകരമായി ബാധിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly